ഭരണഭാഷ-മാതൃഭാഷ

**<u>മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

**<u>മൃഗസംരക്ഷണ വകുപ്പ് - ഡയറക്ടറേറ്റ് - തിരുവനന്തപുരം</u>**

**<u>ഹാജർ: ആസിഫ് കെ യൂസഫ് ഐ എ എസ്</u>**

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് - ഇടുക്കി ജില്ല- തൊടുപുഴ പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രത്തിൽ നിന്നും പാർട്ട്ടൈം സ്വീപ്പർ തസ്തിക കോലാനി കോഴി വളർത്തൽ കേന്ദ്രത്തിലേയ്ക്ക് പുനർവിന്യസിച്ച് ഉത്തരവാകുന്നു.

| | |
|---|---|
| നമ്പർ - AHD/1360/2025-B2 | തീയതി:14-03-2025 |

പരാമർശം: 1) ഇടുക്കി ജില്ല മൃഗസംരക്ഷണ ഓഫീസറുടെ 03/03/2025 ലെ DAHO/IDK/1301/2024-F നമ്പർ കത്ത്

2) 10/04/2007 ലെ ജി ഒ (എം എസ്) 55/07/AD നമ്പർ സർക്കാർ ഉത്തരവ്

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ല ഓഫീസറുടെ പരാമർശം (1) പ്രകാരം ലഭ്യമാക്കിയ പ്രൊപ്പോസൽ പ്രകാരം ഇടുക്കി ജില്ലയിൽ പ്രവർത്തിയ്ക്കുന്ന കോലാനി കോഴി വളർത്തൽ കേന്ദ്രത്തിന്റെ സ്വീപ്പിംഗ് ഏരിയ 199 m2 ആണെന്നും സ്ഥാപനത്തിൽ പാർട്ട് ടൈംസ്വീപ്പർ തസ്തിക ഇല്ല എന്നും അറിയിച്ചിരിയ്ക്കുന്നു . തൊടുപുഴ റീജിയണൽ എ എച്ച് സെന്ററിലെ സ്വീപ്പിംഗ് ഏരിയ 100 മീറ്റർ സ്ക്വയറിൽ കുറവായതിനാൽ പാർട്ട് ടൈം സ്വീപ്പറെ നിയമിക്കാൻ പറ്റാത്ത സാഹചര്യമാണ്. കൂടാതെ സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ സ്ഥിതി ചെയ്യുന്നതിനാൽ കാഷ്വൽ സ്വീപ്പറുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് സ്വീപ്പിംഗ് ജോലികൾ തൃപ്തികരമായി ചെയ്തുവരുന്നു. തൊടുപുഴ റീജിയണൽ എ എച്ച് സെന്ററിലെ പാർട്ട് ടൈം സ്വീപ്പർ തസ്തിക കോലാനി ജില്ല കോഴി വളർത്തൽ കേന്ദ്രത്തിലേയ്ക്ക് പുനർവിന്യസിച്ച് നൽകാവുന്നതാണന്നും ടി പുനർവിന്യാസം തൊടുപുഴ റീജിയണൽ എ എച്ച് സെന്ററിന്റെ പ്രവർത്തനത്തെ യാതൊരു വിധത്തിലും ബാധിക്കുകയില്ലെന്നും പരാമർശം (1) പ്രകാരം ഇടുക്കി ജില്ല ഓഫീസർ ശിപാർശ ചെയ്തിട്ടുണ്ട്.

അർഹമായ സ്ഥാപനങ്ങളിലേയ്ക്ക് വകുപ്പ് ഡയറക്ടർക്ക് തന്നെ പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ പുനർവിന്യസിച്ച് നൽകാവുന്നതാണെന്ന് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പരാമർശം (1) പ്രകാരം ലഭ്യമാക്കിയ ഇടുക്കി ജില്ല ഓഫീസറുടെ പ്രൊപ്പോസലും തൊടുപുഴ പി ഡബ്ല്യു ഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ലഭ്യമാക്കിയ കോലാനി ജില്ല കോഴി വളർത്തൽ കേന്ദ്രത്തിന്റെ സ്വീപ്പിംഗ് ഏരിയ സർട്ടിഫിക്കറ്റും വിശദമായി പരിശോധിച്ചതിൽ നിന്നും ടി പുനർവിന്യാസം നടത്താവുന്നതാണെന്ന് ഡയറക്ടർക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

**മേൽ സാഹചര്യത്തിൽ ഇടുക്കി ജില്ലയിലെ തൊടുപുഴ റീജിയണൽ എ എച്ച് സെന്ററിലെ പാർട്ട് ടൈം സ്വീപ്പർ തസ്തിക ഇടുക്കി ജില്ലയിലെ തന്നെ കോലാനി കോഴി വളർത്തൽ കേന്ദ്രത്തിലേയ്ക്ക് പുനർവിന്യസിച്ച് ഉത്തരവാകുന്നു.**

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

Signed by
Asif K Yusuf
Date: 14-03-2025 17:28:31

സ്വീകർത്താവ്

1 ജില്ല മൃഗസംരക്ഷണ ഓഫീസർ (ഇടുക്കി)

2 J സെക്ഷൻ (അറിവിലേയ്ക്കായി)

3 സ്റ്റോക്ക് ഫയൽ ( ബി സെക്ഷൻ)